ROPP-INDIA

# REPUBLIC OF PUBLIC POWER INDIA

(An Independent Sovereign Organisation)

## ഇന്ത്യൻ ജനാധികാര ജനാധിപത്യം

(സ്വതന്ത്ര പരമാധികാര സംഘടന)




**MAJOR FACULTIES**

- **Rulers Free Citizens Group**
  ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന ദ്വന്ദ്വം അവസാനിപ്പിക്കണം
- **Locality Empowerment Group**
  രാജ്യം പൗരന്മാരുടെ സ്വന്തമാണെന്ന് ഉറപ്പിക്കണം
- **Entrepreneurs Ensurance Academy**
  ചെറുകിടസംരംഭങ്ങൾ രാജ്യത്തിന്റെ നിധികുംഭങ്ങൾ
- **Farmers Protection Force**
  കർഷകരക്ഷ രാജ്യസുഭിക്ഷം
- **Corruption Prevention Group**
  നിർമാണവികസനകരാറുകൾ ചെറുകിട സംരംഭകർക്കായി സംവരണം ചെയ്യണം.




# Public Power Republic

**സ്വാമി ഗുരുശ്രീ**
**(ദർശനത്തിന്റെ ഉപജ്ഞാതാവ്)**
**98 47 55 84 58**

An Ideology of Absolute Constitutional Democracy

# ജനാധികാര ജനാധിപത്യം

ഭാരതം ഇന്നുവരെ അവലംബിച്ച രാഷ്ട്രീയദർശനം തുലോം ദുർബലമാണ്. രാജരാഷ്ട്രീയത്തിന്റെ വിഴുപ്പുകളിലും ബ്രിട്ടീഷ് ഭരണത്തിന്റെ ഊരൊഴുക്കുകളിലും ഉടക്കിയാണ് ഇന്ത്യൻ ഭരണം ഉരുളുന്നത്. വളരെ പാർട്ടികൾ, ഏറെ നേതാക്കൾ, കമ്മറ്റികൾ, ശിബിരങ്ങൾ, കോൺഗ്രസ്സുകൾ, സമ്മേളനങ്ങൾ, പ്രമേയങ്ങൾ, ചർച്ചകൾ, ഘോരഘോരം പ്രഘോഷണങ്ങൾ ഒക്കെ ഘോഷിക്കുന്നുണ്ട്. എങ്കിലും സമൂഹത്തിൽ സദ്ഗതി പുലരുന്നില്ല. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സദ്ഫലങ്ങൾ വിരിയുന്നില്ല. സമ്പത്തിന്റെയും പ്രകൃതിസൗകുമാര്യതകളുടെയും സ്വച്ഛമായ അനുഭവം ജനതയ്ക്ക് ലഭിക്കുന്നില്ല. സാഹോദര്യം ഊഷരമാകുകയാണ്. അതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ദുര്യോഗം. ആളുകളെ അണിചേർക്കാനായി നുണകൾ നൂറ് മേനി വിളയിക്കുകയാണ്. വൈരം വിതയ്ക്കുകയാണ്. വിഴുപ്പുകൾ പങ്കിടുകയാണ്.

സ്വാതന്ത്ര്യത്തിന് വേണ്ടി ജനത പൊരുതി. അന്ന് നമുക്കൊരു ശത്രു ഉണ്ടായിരുന്നു. അതുകൊണ്ടും ലോകസാഹചര്യങ്ങൾകൊണ്ടും സ്വാതന്ത്ര്യം നേടി. ദാരിദ്ര്യമുക്തിക്കായി നമ്മൾ പൊരുതി. അതിനും ഒരു കാരണം ഉണ്ടായിരുന്നു. അതുകൊണ്ട് അതിലും നമ്മൾ ജയിച്ചു. നാളിതുവരെ അപരനീതിക്ക് വേണ്ടി നമ്മൾ പൊരുതിയിട്ടില്ല. ആനന്ദത്തിന് വേണ്ടി അടരാടിയിട്ടില്ല. ആത്മാഭിമാനത്തിനായി സമരം ചെയ്തിട്ടില്ല. ലോകപ്രേമത്തിനായി നിലകൊണ്ടിട്ടില്ല. മാനിഷാദ സാഹിത്യത്തിൽ പിറന്നു, സംസ്കൃതിയിൽ ജനിച്ചില്ല. ഇന്നുള്ള സംഘം ചേരലും പൊരുതലും അധികാരത്തിന് വേണ്ടിയാണ്, ആധിപത്യത്തിന് വേണ്ടിയാണ്, ലാഭത്തിന് വേണ്ടിയാണ്, ആർത്തിപൂരണത്തിന് വേണ്ടിയാണ്. അതിനായി നമ്മൾ സഹോ

ദരങ്ങളെ ശത്രുക്കളാക്കുന്നു. മതങ്ങളെ സ്ഫോടകവസ്തുക്കളാക്കുന്നു. ഗോത്രങ്ങളെ ചാവേറുകളാക്കുന്നു. വിഡ്ഢികളായി ഓരോരുത്തരും അണിചേർന്ന് കറക്കുകാപട്യങ്ങൾ ചികയുന്നു. പക്ഷം ചേർന്ന് എന്തെങ്കിലും നേടാനായി ആളുകൾ അണിചേർന്ന് നിരനിര നിൽക്കുമ്പോൾ അധികാരമോഹികൾ അവരെ കൂട്ടുപിടിച്ചും അപരരെ തെറിവിളിച്ചും വിളങ്ങും. മാധ്യമഘോഷത്തിൽ അഭിരമിച്ച് അവർ അനർഥങ്ങൾ നിർമിക്കും. ഇത്തരം അധോഗതികളാണ് ഇന്ന് രാജ്യത്ത് എഴുന്നള്ളുന്നത്. ഈ ദുർഗതികൾക്ക് അറുതി വരുത്താൻ കർഷകർക്കും സാമാന്യജനങ്ങൾക്കും മാത്രമേ കഴിയൂ.

ജനാധികാര ജനാധിപത്യത്തിൽ ഇത്തരം ദുർഗതികൾ ഉണ്ടാകുകയില്ല. എന്തെന്നാൽ എക്സിക്യൂട്ടീവുകൾ അപ്രസക്തമാവുകയും ലെജിസ്ലേറ്റീവുകൾ പ്രസക്തമാകുകയും കോടതികൾക്ക് പ്രാമുഖ്യം കൂടുകയും ഫലം. ക്ഷേമസമൂഹത്തെ സ്ഥാപിച്ചെടുക്കാൻ ആധുനികലോകം അവലംബിച്ചിരിക്കുന്നത് ജനാധിപത്യമാണ്. അതിലും നാല് നെടുംതൂണുകൾ നിർണയം ചെയ്തിട്ടുണ്ട്. ഒന്ന് നിയമ നിർമാണസഭകൾ അതായത് നിയമസഭകളും പാർലമെന്റും. ഇതിൽ ജനപ്രതിനിധികൾക്ക് മാത്രമാണ് പ്രാമുഖ്യം. രണ്ടാമത്തെ നെടുംതൂണാണ് എക്സിക്യൂട്ടീവ്. പ്രധാനമന്ത്രി മുതൽ വില്ലേജ്മാൻ വരെയുള്ള അധികാരികൾ. മൂന്നാമത്തെ നെടുംതൂണാണ് കോടതികൾ. നാലാം തൂണാണ് മാധ്യമങ്ങൾ. രണ്ടും നാലും തൂണുകാരെ മാനസാന്തരം വരുത്തി പുണ്യാളരാക്കി ക്ഷേമസമൂഹം സംജാതമാക്കാമെന്നാരും കരുതരുത്. അവർ ജീവിതമാർഗം ചികയുന്നവരാകയാൽ മനസ്സും ജീർണിതമാണ്. ആധുനിക യുഗത്തിൽ ക്ഷേമസമൂഹം പ്രാബല്യം കൊള്ളുന്നതിന് നിയമനിർമാണസഭകളെയും കോടതികളെയും മുഖവിലയ്ക്കെടുക്കാതെ തരമില്ല. ജനപ്രതിനിധികളെ ദേവഭാവത്തിൽ പരിവർത്തനപ്പെടുത്താൻ പൗരന്മാർ രാജഗണങ്ങളായാൽ മതിയാകും. അതിനുള്ള അറിവും കരുത്തും ജനങ്ങൾ ആർജിച്ചുവരുന്നുണ്ട്. കോടതി നവീകരണം കലശലായി ആവിഷ്കരിക്കേണ്ട സംഗതിയാണ്. നിലവിലുള്ള ക്രമങ്ങളും മനോഗതികളും മ്ലേച്ഛംതന്നെ. എങ്കിലും തൽകാലം അതിന്റെ ഘടന വിശദീകരിക്കുന്നില്ല. ഭരണസംവിധാനത്തിൽ പ്രത്യക്ഷമാകുന്ന പിഴവുകൾ പരിഹരിക്കാനുള്ള നൂതനരാഷ്ട്രീയദർശനമാണ് ജനാധികാര ജനാധിപത്യം.

## എക്സിക്യൂട്ടീവുകൾ അധികാരികളല്ല കാവൽക്കാർ മാത്രം

ജനാധികാര ജനാധിപത്യക്രമത്തിൽ എക്സിക്യൂട്ടീവിന് അധികാരം നിഷേധിക്കുകയും ചുമതല നൽകുകയുമാണ് മുഖ്യഘടന. എക്സിക്യൂട്ടീവ് അനുവർത്തിച്ച വ്യക്തിഗത അധികാരങ്ങൾ സ്വയം നിർവഹിക്കാൻ പൗരന്മാരെ പ്രാപ്തമാക്കുകയാണ് പ്രധാനം. അത്തരം സാഹചര്യത്തിൽ പൗരപരിരക്ഷണാർഥം ഓരോരോ മേഖലകളിൽ പ്രാപ്തരായ മെന്റർമാരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യും. കുറ്റമറ്റ നിലയ്ക്ക് നിയമങ്ങളും ചട്ടങ്ങളും നിയമനിർമാണസഭകൾ നിർമിക്കും. അത്തരം നിയമചട്ടനിർമാണചർച്ചയ്ക്ക് കുറഞ്ഞത് പതിനഞ്ച് ദിവസം മുമ്പ് ആയത് പൗരസമൂഹത്തിന്റെ അഭിപ്രായത്തിനും നിർദേശത്തിനുമായി ഔദ്യോഗിക വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും. തുടർന്ന് കൂലംകഷ വിശകലനത്തിന് ശേഷം ഉചിതമായ ഭേദഗതികളോടെ പ്രാബല്യം കൊള്ളും. ഒരു കോഴിമുട്ട വിരിയുന്നത്ര നൈസർഗിക സമയമെടുത്തുവേണം നിയമവും ചട്ടങ്ങളും നിർമിച്ചെടുക്കാൻ. അധികാരം രൂപീകരിക്കുന്ന നിയമചട്ട വ്യവസ്ഥകൾ തുടർന്ന് കുറഞ്ഞത് പത്ത് വർഷത്തേക്ക് ഭേദഗതി വരുത്തുവാൻ നിയമനിർമാണസഭകൾക്ക് അവകാശം ഉണ്ടായിരിക്കുകയില്ല.

എക്സിക്യൂട്ടീവിന്റെ ചുമതല പൗരന്മാരെ കൊടുംതൊഴുത്തുകളിൽ കെട്ടി ഔദാര്യപൂർവം തലോടലും അഹങ്കാരപൂർവം തല്ലലുമല്ല. അതൊക്കെയും രാജരാഷ്ട്രീയത്തിലെ വങ്കത്തരങ്ങളാണ്. ജനാധിപത്യത്തിൽ പൗരന്മാരുടെ വകയാണ് രാജ്യം. ആ ബോധവും ബോധ്യവും പൗരസമൂഹത്തിനും ഭരണകൂടത്തിനും ഉണ്ടായിരിക്കണം. നിയമചട്ട വിധേയമായി സ്വയം ജീവിക്കാനും കർമനിരതനാകാനും സ്വപ്നം കാണാനും സ്വപ്നം യാഥാർഥ്യമാക്കാനും പൗരന്മാർക്ക് അവകാശമുണ്ട്. നിർഭയം സ്വാഭിമാനബോധത്തോടെ സാഹോദര്യ സമഞ്ജസതയോടെ ജീവിക്കാൻ പൗരസമൂഹത്തിന് അധികാരമുണ്ട്. പൗരാധികാരം കവർന്നെടുക്കാൻ ഭരണകൂടത്തെ അനുവദിക്കുകയില്ലെന്നതാണ് ജനാധികാര ജനാധിപത്യത്തിന്റെ ആപ്തബോധം. നിയമ ചട്ട വിരുദ്ധമായി പൗരന്മാർ പ്രവർത്തിക്കുകയായാൽ ആയത് കോടതികളെ ബോധ്യപ്പെടുത്തുകയാണ് ഭരണകൂടത്തിന്റെ പ്രധാന ദൗത്യം. കോടതി ഉത്തരവുകൾ അനുസരിച്ച് കർമകാര്യദ്യക്കാകുകയെന്നതും എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വമാണ്.

ക്രിമിനൽ കേസുകൾ എങ്ങനെ കൈക്കൊള്ളാമോ അതുപോലെ സകല സിവിൽ വ്യവസ്ഥകളും നിർവഹിച്ചാൽ മതിയാകും. സർവ സിവിൽ വ്യവസ്ഥകളും നിയമ ചട്ടവിധേയമായി അനുവർത്തിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്. അതിന് അതത് രംഗത്തെ പ്രവീണതയുള്ള ഔദ്യോഗിക മെന്റർമാരുടെ സാക്ഷിപത്രം നേടി സ്വയം പ്രസ്താവന നടത്തി കർമനിരതനാകാൻ പൗരസമൂഹത്തെ പ്രാപ്തമാക്കുകയാണ് മുഖ്യം. ബോധമില്ലാതിരുന്ന, അറിവുകൾ തന്നെ രൂപപ്പെട്ടുവന്നിരുന്ന, കാലത്ത് ആളുകൾ ബോധോദയത്തിനായി പരിശ്രമിച്ചിരുന്നു. ഇന്ന് ജ്ഞാനത്തിന്റെ ഹിമാലയൻ നിരകൾ നിരന്നങ്ങനെ കിടക്കുന്നു. എന്നിട്ടും സത്യം തിരിയാത്ത മണ്ടശിരോമണികളായി മനുഷ്യർ അവ്യക്തചിന്തകൾക്ക്, അബദ്ധങ്ങൾക്ക്മേൽ ശയനപ്രദക്ഷിണം നടത്തുന്നു.

### കീഴ്‌വഴക്കദുരന്തങ്ങൾ

പട്ടുനൂൽപ്പുഴുവിന് ആത്മാവുണ്ടായിരുന്നെങ്കിൽ മൾബറിയെ പൂജിക്കുകയും കൃഷിക്കാരനെ ആരാധിക്കുകയും ചെയ്തേനേ. പുഴുസമാധിയിൽ താപജലസമാധി വിധിക്കുന്ന അർഥമോഹം അവ അറിയുന്നില്ല. അതുപോലെ ഭരണകൂടവും മതകൂടവും പൗരന്മാരെ, വിശ്വാസികളെ ലാഭജീവികളായാണ് കരുതുന്നത്. ബുദ്ധിയുള്ളവർ ആയത് അറിയുകയും തിരുത്തുകയും വേണം.

ക്രിസ്തീയ വിശ്വാസികൾ സ്തുതിക്കുന്ന ഗീവർഗീസ് പുണ്യാളന്റെ കഥയിലെ കുടിവെള്ളംമുടക്കി സർപ്പത്തെപ്പോലെയാണ് ഭാരതത്തിലെ സകല സർക്കാരുകളും ഉദ്യോഗസ്ഥന്മാരും. ജനങ്ങൾ അനുഭവിക്കേണ്ട നീരുറവയിൽ സർപ്പം ഭീഷണമായി തിങ്ങിനിറഞ്ഞ് ഇരിക്കും. ഒരു തുള്ളി വെള്ളംപോലും ജനത്തിന് ലഭിക്കരുതെന്ന വാശിയോടെ, ജനത്തിന്റെ ആർത്തനാദങ്ങൾ കേൾക്കാത്ത ബധിരതയോടെ. ഒരു മനുഷ്യ കന്യകയെ കാഴ്ചവെച്ചാൽ, കൂടാതെ ഏറെ വിഭവങ്ങളും നിവേദിച്ചാൽ കുറച്ചുനേരത്തേക്ക് കന്യകയെ പുണർന്നുമെതിക്കാനും വിഭവങ്ങൾ വിഴുങ്ങാനും സർപ്പം ഒന്നനങ്ങും. അപ്പോൾ പാവങ്ങൾക്ക് കുറച്ച് വെള്ളം കിട്ടും; അവ ശേഖരിച്ച് ഉപജീവിക്കാം. വീണ്ടും സർപ്പം വെള്ളം മുടക്കും. പിന്നെയും പിന്നെയും കന്യകകളെ ഹോമിക്കണം, വിഭവങ്ങൾ ഒരുക്കണം. സർപ്പത്തെ ഒരു കുന്തം കൊണ്ട് കുത്തിയാൽ പ്രശ്നം തീരുമായിരുന്നു. അത് ദൈവവിധിയെന്ന് കരുതി വിഡ്ഢികൾ വിതുമ്പി. ജനാധിപത്യത്തിന്റെ കുന്തം കൈയിലുണ്ടായിരുന്നിട്ടും സർപ്പത്തെ കാണാമായിരുന്നിട്ടും വിശ്വാസത്തിന്റെ, ശാസനങ്ങളുടെ, വ്യവസ്ഥിതികളുടെ വിലക്കുകൾകൊണ്ട് ആർക്കും അതിനുള്ള ധൈര്യം ഉണ്ടായില്ല. അവർ കൂട്ടം കൂടി കന്യകകളെ തിരയുകയായിരുന്നു. ഊഴം കാത്ത് കരയുകയായിരുന്നു. അതിനായി പ്രാദേശികകമ്മറ്റികളും പിരിവുകമ്മറ്റികളും മത്സരങ്ങളും പക്ഷം ചേർന്ന് ഒരുക്കുകയായിരുന്നു സകലരും. എന്ത് കഷ്ടം? ഇതുതന്നെയാണ് ആധുനികഭാരതത്തിലും പുലരുന്ന, തുടരുന്ന അധോഗതികൾ. ഗീവർഗീസ് എന്ന പടയാളി വന്നപ്പോൾ വളരെ നിസ്സാരമായി, ശാശ്വതമായി ജനതയുടെ സങ്കീർണപ്രശ്നം പരിഹരിച്ചു.

മതവിശ്വാസത്തിന്റെ ഊരൊഴുക്കുകളും വിഡ്ഢിത്തങ്ങളും രാജരാഷ്ട്രീയത്തിന്റെ വിഴുപ്പുകളും പേറുന്ന ഏത് സമൂഹവും ദുർവിധികൾ ചുമ്മാ ചുമക്കും. നുണയുടെ മാമൂലുകൾ നുകർന്ന് അതിന്റെ ഗുണഭോക്താക്കൾ ഭാരതത്തിൽ ദുര്യോഗങ്ങൾ, അധോഗതികൾ അടവെച്ചു വിരിയിക്കുന്നു. മേലിൽ അപ്രകാരമുള്ള ദുർഗതികളിൽനിന്നും ജനത്തെ ജനാധികാര ജനാധിപത്യം മോചിപ്പിക്കും; ഇത് സുനിശ്ചിതം. അതിനായി ഓരോ പൗരനും യോദ്ധാവായി ഉയിർകൊള്ളുക; ചിന്തയുടെ പടയാളികളാകുക. മനുഷ്യന്റെ ഓജസ്സിന്റെ മൂലതത്വം നിർഭയതയാണ്. പ്രാചീന സംസ്കൃതിയിൽ എവിടെയെങ്കിലും നിർഭയത കാണുന്നുണ്ടോ? ഇല്ലെന്നു മാത്രമല്ല, ഭയഭീകരതയാണ് സർവതിലും. ഓരോരോ മതങ്ങളും മനുഷ്യരെ ഭീഷണിപ്പെടുത്തുകയാണ്. അവയുടെ ആദർശങ്ങൾ ദർശനങ്ങൾ ഓരോന്നെടുത്ത് പരിശോധിക്കുക; ഏവർക്കും ആയത് ബോധ്യപ്പെടും. പിന്നെയുള്ള ഭീകരതയാണ് ഭരണകൂടം. ഗോത്രഘടനയിലും രാജരാഷ്ട്രീയ വികൃതികളിലും ജനാധിപത്യ വികല്പങ്ങളിലും പൗരന്മാർ, പ്രജകൾ, അംഗങ്ങൾ ഒക്കെത്തന്നെയും ഭീഷണിയുടെ ദേഹപീഡയുടെ മുൾമുനയിലാണ് നിൽക്കുന്നത്.

### നൂതന രാഷ്ട്രീയ തത്വശാസ്ത്രം

ജനാധികാര ജനാധിപത്യം – ഒരു ഉട്ടോപ്യൻ ഊട്ടുപുരയോ പാന്റിസോക്രസിയുടെ സ്വപ്നാടനമോ റൊമാന്റിക് പൊളിറ്റിക്സിന്റെ ഭാവനയോ പോസിറ്റീവ് അനാർക്കിയുടെ പുണ്യാളത്തമോ ഹെഗലിയൻ ദാർശനിക അടിമത്തമോ കമ്യൂണിസ്റ്റ് ഹ്യൂമൻ ഫാമിങ്ങോ അല്ലെന്നറിയണം. യഥാർഥ ജനാധിപത്യവും സ്വാതന്ത്ര്യവുമാണ് ദിശാദർശനം ചെയ്തിരിക്കുന്നത്. ശ്രേണീകൃത വ്യവസ്ഥയ്ക്ക് പ്രാമുഖ്യം കല്പിച്ചുള്ള സംവിധാനം തന്നെ. നിയമ നിർമാണസഭകളെ മൂർധാവിൽ നിലനിർത്തിക്കൊണ്ടുള്ള സുതാര്യഭരണക്രമമാണ് ജനാധികാര ജനാധിപത്യം. പൗരൻ അടിയാനും അധികാരി ഉടയോനും ആയുള്ള പ്രാചീനദുഷിപ്പുകൾ ദൂരീകരിക്കുന്നതിനാണ് ഉന്നംകൊണ്ടിട്ടുള്ളത്. പാശ്ചാത്യ തത്വചിന്തകളെ അപഗ്രഥിക്കുകയും നിരാകരിക്കുകയും ചെയ്ത് രൂപപ്പെടുത്തിയ പ്രായോഗിക ദർശനമാണിത്.

### ജനാധികാര ജനാധിപത്യം – പഞ്ചമുഖദർശനം

#### 01. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന പ്രാകൃതവ്യവസ്ഥ നിർത്തൽ ചെയ്യും

ഉദ്യോഗസ്ഥരുടെ അനുമതിപത്രങ്ങൾ കൂടാതെ സകല സിവിൽ വ്യവസ്ഥകളും പൗരനും മെന്ററും ചേർന്ന് പ്രമാണം ചമച്ച് പ്രാവർത്തികമാക്കും. ഉദ്യോഗസ്ഥർ ജനന മരണ രജിസ്ട്രാറായി പ്രവർത്തിച്ചാൽ മതി. ജനിക്കാനുള്ള അവകാശവും മരിക്കാനുള്ള അവകാശവും ആരും കവർന്നെടുക്കേണ്ട. കൈക്കൂലിയും പക്ഷപാതവും അവസാനിപ്പിക്കുന്നതിനുള്ള ഏകപോംവഴി ഇത് മാത്രം.

#### 02. രാജ്യം പൗരന്മാരുടെ സ്വന്തമെന്ന് ഉറപ്പിക്കും

സകല സാമൂഹ്യവിഷയങ്ങളിലും നിർമാണ വിഷയങ്ങളിലും ജനങ്ങളെ ഭാഗഭാക്കാക്കും. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി, പ്രസിഡന്റ്/ ചെയർമാൻമാരെ പൗരന്മാർ നേരിട്ട് തെരഞ്ഞെടുക്കും. ബ്ലോക്ക് പഞ്ചാ

യത്തും കോർപ്പറേഷനും ജില്ലാ പഞ്ചായത്തും നിർത്തൽ ചെയ്യും. ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റുകൾ ജില്ലാ ഭരണസമിതി എന്നിവ പുനഃക്രമീകരിക്കും. അധികാരവികേന്ദ്രീകരണം ആപത്താണ്. അത് അഴിമതിവികേന്ദ്രീകരണമാണ്. പൗരന്മാരുടെ അപകർഷത അപ്പാടേ ദൂരീകരിക്കുന്നതിനും സ്വാഭിമാനം ഉയർത്തുന്നതിനും ഉതകുന്ന വിധം കർമനിരതരാക്കും. കൗമാരയൗവനങ്ങളെ സകല സാമൂഹ്യ വിഷയങ്ങളിലും കക്ഷിയാക്കും. അവരുടെ ലഹരിക്കൊതിയും ക്രിമിനൽ വാസനയും ദൂരീകരിക്കും. അപകർഷത ദൂരീകരിക്കുന്നതിനും സ്വാഭിമാനം ഉയർത്തുന്നതിനും പൗരബോധം വളർത്തുന്നതിനും ലഹരിമോഹം കുറയ്ക്കുന്നതിനും കുറ്റവാസന ലഘൂകരിക്കുന്നതിനും ഇത് തന്നെയാണ് മാർഗം. സകല ജനപ്രതിനിധികളും പ്രാദേശിക അസംബ്ലികളിലെത്തി പൗരവിചാരണ നേരിടണം.

**03. കർഷകരക്ഷ രാജ്യസുഭിക്ഷം എന്ന് പ്രഖ്യാപിക്കും**

കാർഷിക ഉൽപന്നങ്ങൾ വിൽക്കാനുള്ള അവകാശം കർഷകർക്കും കർഷകസംഘങ്ങൾക്കും മാത്രമായി സംവരണം ചെയ്യും. കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കാനും സംസ്കരിത ഉൽപന്നങ്ങൾ വിൽക്കാനുമുള്ള അവകാശം കർഷകസംഘങ്ങൾക്ക് മാത്രമായി സംവരണം ചെയ്യും. കൃഷിക്ക് വ്യവസായ - സംരംഭക പദവി കൈവരുത്തും. കാർഷിക ഉൽപന്നങ്ങളിലും സംസ്കരിത ഉൽപന്നങ്ങളിലും സർക്കാരിന് നികുതി ചുമത്താൻ അവകാശമില്ല. സൂര്യതാപത്തിനും വരുണവർഷത്തിനും വായുവിനും മേൽ ലവി പിരിക്കാൻ ഭരണകൂടത്തിന് അർഹതയില്ല. ഭരണകൂടത്തിന് കുത്തിമാന്താൻ കടലും കൊള്ളയടിക്കാൻ ശൂന്യാകാശവുമുണ്ടല്ലോ. ഗ്രാമീണ സമൂഹത്തിന്റെ ക്ഷേമ ഐശ്വര്യങ്ങൾക്കും ദാരിദ്ര്യനിർമാർജനങ്ങൾക്കും വേറൊരു ഉപാധിയില്ലെന്ന് കാണുക.

**04. ചെറുകിട സംരംഭങ്ങൾ രാജ്യത്തിന്റെ നിധികുംഭങ്ങൾ**

ചെറുകിട സംരംഭങ്ങളെ പരിപോഷിപ്പിക്കും. വൻകിട - ഇടത്തരം സംരംഭങ്ങൾക്ക് കടിഞ്ഞാണിടും. ചെറുകിട സംരംഭകന്റെ മൂലധനത്തിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും. അതത് ഇൻഷുറൻസ് കമ്പനികൾ തന്നെ മെന്റർമാരായി നിലകൊള്ളും. യൗവനങ്ങളെ സ്വാഭിമാനികളാക്കാൻ ഉതകുന്ന ഉത്തമമാർഗം ഇത് തന്നെ.

**05. നിർമാണ-വികസനക്കരാറുകൾ ചെറുകിട സംരംഭകർക്ക്**

നിർമാണനിർവഹണം ചെറുചെറു സംരംഭകർക്കായി സംവരണം ചെയ്യും. യൗവനങ്ങൾ ആധുനിക സങ്കേതങ്ങൾ കടഞ്ഞെടുത്ത് ശ്രേയസ്കര ലോകം നിർമിക്കും; അതിനായി അവസരങ്ങൾ കൊടുക്കും. അഴിമതിയും അലംഭാവവും അധോഗതികളും ദൂരീകരിക്കാൻ ഇതല്ലാതെ മറ്റ് മാർഗങ്ങളില്ല.

**പ്രാദേശിക അസംബ്ലികൾ**

എംഎൽഎ കോൺസ്റ്റിറ്റ്യൂവൻസിയിലും എംപി കോൺസ്റ്റിറ്റ്യൂവൻസിയിലും പഞ്ചായത്ത് / മുൻസിപ്പാലിറ്റികളിലും പ്രത്യേകം പ്രത്യേകം പ്രാദേശിക അസംബ്ലികൾ ഉണ്ടായിരിക്കണം. അത്തരം ഔദ്യോഗിക അസംബ്ലികൾ മാസത്തിൽ ഒരു തവണ കൃത്യമായി മുൻകൂർ നിശ്ചയിക്കുന്ന തീയതിയിൽ സമ്മേളിക്കേണ്ടതാണ്. ഓരോ അസംബ്ലിയിലും അതാത് അസംബ്ലിയെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ പങ്കെടുക്കേണ്ടതും മുൻമാസത്തിൽ പാസാക്കിയതും ചർച്ച ചെയ്തതുമായ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുള്ള വിശദീകരണം നൽകേണ്ടതും ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതുമാണ്. അതാത് അസംബ്ലിയുടെ പ്രവർത്തനപരിധിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ അർധസർക്കാർ സഹകരണ സംഘങ്ങളുടെ പ്രതിനിധികളും പിഎച്ച്ഡി നേടിയിട്ടുള്ള പൗരന്മാരും അംഗങ്ങളായിരിക്കണം. അസംബ്ലികളിൽ ലൈവ് ടെലികാസ്റ്റ് നിർബന്ധമായും തുടരേണ്ടതുണ്ട്.

**മെന്റർമാർ**

പൗരന്മാരെ നിയമവ്യവസ്ഥകൾ ബോധ്യപ്പെടുത്തുന്നതിനും തദനുഗതമായി പ്രമാണങ്ങൾ ചമയ്ക്കുന്നതിനും അവ സാക്ഷ്യപ്പെടുത്തി പൗരന്റെ അംഗീകാരത്തോടെ ഭരണകൂടത്തെ ധരിപ്പിക്കുന്നതിനും പ്രവീണരായ മെന്റർമാരുടെ കുറ്റമറ്റ സേവനം അനിവാര്യമാണ്. ആയതിന് അതത് രംഗങ്ങളിൽ അംഗീകൃതസർവകലാശാലകളിൽനിന്ന് മാസ്റ്റേഴ്സ് ബിരുദം നേടിയിട്ടുള്ള വ്യക്തികളുടെ സംഘങ്ങളെ മെന്റർമാരായി നിയോഗിക്കേണ്ടതും സേവനപ്രതിഫലം കൃത്യമായി നിശ്ചയിക്കേണ്ടതുമാണ്. അപ്രകാരമുള്ള മെന്റർമാരുടെ പ്രായം 30നും 35നും ഇടയ്ക്കായിരിക്കണം എന്നും നിശ്ചയിക്കേണ്ടതാണ്. മാസ്റ്റേഴ്സ് ഡിഗ്രിക്ക് കുറഞ്ഞത് 60% മാർക്ക് അഥവാ ഗ്രേസ് നേടിയിരിക്കണം. ഇത്തരം പ്രൊഫഷൻ സ്വീകരിക്കുന്നവരുടെ സേവനം പരമാവധി 70 വയസ്സ് എന്ന് നിശ്ചയിക്കണം. അവർ വേറെ പ്രൊഫഷൻ സ്വീകരിക്കുകയുമരുത്. യാതൊരു സാഹചര്യത്തിലും റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർക്ക് മെന്റർഷിപ്പ് അനുവദിക്കുകയുമരുത്.

**ലോകത്തിന്റെ പ്രതിസന്ധി**

അധികാരികളും ധനവാന്മാരും പുരോഹിതരും ആധിപത്യത്തിനായി പടപൊരുതുന്നു എന്നതാണ്. തന്നെക്കാൾ അധികാരമുള്ളവരെയും തന്നെക്കാൾ ധനമുള്ളവരെയും പുരോഹിതരെയും തനിക്ക് സമന്മാരായി കരുതാനുള്ള ആർജവം സാമാന്യർ പുലർത്തുക മാത്രമാണ് പരിഹാരം.

**ഭാരതത്തിന്റെ പ്രതിസന്ധി**

ചാതുർവർണ്യ ദുഷിപ്പുകൾ തൂത്തെറിയാൻ സംസ്കൃതിക്ക് കഴിയാത്തതാണ് അടിസ്ഥാനകാരണം. പഞ്ചമർ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും കമ്യൂണിസത്തിൽ നിന്നും നിരീശ്വരവാദത്തിൽ നിന്നും മതത്തിൽ നിന്നും യാചകബുദ്ധിയിൽ നിന്നും മുക്തമാകാതെ – താൻ ഈ രാജ്യത്തിന്റെ അവകാശിയാണെന്ന് കരുതാതെ പരിഹാരമില്ല.

**കേരളത്തിന്റെ പ്രതിസന്ധി**

കമ്യൂണിസത്തിന്റെ കഞ്ചാവുപുകയേറ്റ് മരവിച്ച മസ്തിഷ്കമുള്ളവരാണ് മലയാളികളിലധികവും. കമ്യൂണിസ്റ്റുകൾ എന്നല്ല അധികം കോൺഗ്രസുകാരും അധ്യാപകരും എഴുത്തുകാരും മാധ്യമപ്രവർത്തകരും ഈ ദുർഗതി മസ്തിഷ്കത്തിൽ ചുമക്കുന്നവരാണ്. അത്തരം മൃതപ്രജ്ഞരുടെ ബുദ്ധിയെ ദീപ്തമാക്കാൻ ജനാധികാര ജനാധിപത്യംപോലെയുള്ള നൂതന രാഷ്ട്രീയ തത്ത്വശാസ്ത്രങ്ങൾ പഠിക്കാൻ അവരെ പ്രാപ്തമാക്കുക മാത്രമാണ് പോംവഴി.

**ഭരണകൂടത്തിന്റെ പ്രതിസന്ധി**

പൗരന്മാർ യാചകരായാൽ അധികാരികൾ തസ്കരരാകും. തസ്കരർക്ക് മാത്രമേ അധികാരം നിലനിർത്താനാകൂ എന്ന കാലികദുഃസ്ഥിതി തുടരും. ഓരോ പൗരനും ഈ രാജ്യം അവന്റെ സ്വന്തമാണെന്ന് കരുതണം. അതിനുള്ള ഇച്ഛാശക്തി സകലരും ആർജിക്കണം. ഒന്നിനായി ആരും ഇരക്കരുത്; അപേക്ഷിക്കരുത്. ജനാധികാര ജനാധിപത്യത്തിൽ ഭരണകൂടം നിഷ്പ്രഭമാകും. അത് ദുരന്തനിവാരണ സേനയായി പരിമിതപ്പെടും. പൗരപരിരക്ഷണ സന്നാഹസമിതി മാത്രമാകും. കരുതുക, കരുത്തുള്ളവരാകുക.

**മനുഷ്യരുടെ പ്രതിസന്ധി**

അധികംപേരും സുഖകാംക്ഷികളാണ്. ആനന്ദം അനുഭവിക്കാനുള്ള ഓജസ്സ് അധികം മനുഷ്യരും ആർജിക്കുന്നില്ല. സുഖകാമന ജന്തുക്കളുടെ സ്വതസിദ്ധ സ്വഭാവമാണ്. സുഖം ആത്മാവിന്റെ സ്വന്തമല്ല. അത് അഞ്ച് ഇന്ദ്രിയങ്ങളുടെയും അഞ്ച് ഭൂതങ്ങളുടെയും സ്വാഭാവിക അനുഭവം മാത്രമാണ്. ആനന്ദം അത് ആത്മാവിന്റെ സ്വന്തമാണ്. വിരക്തിയാണ് ഉത്തമ മാർഗം. സാഹോദര്യമാണ് അതിന്റെ മൂലം. പരമാനന്ദമാണ് പ്രധാന ഉപാധി. പരമാനന്ദം എന്നാലത് പരനാനന്ദം തന്നെ. അപരന് ആനന്ദം ഉണ്ടാകാനുള്ള ആശീർവാദ ചിന്ത തന്നെ. മറ്റൊന്നും പരിഹാരമായില്ല.

## പ്രത്യക്ഷഫലങ്ങൾ

- **ഭരണച്ചെലവ് നാലിലൊന്നായി കുറയും.**
- **കൈക്കൂലിയും പക്ഷപാതവും ചുവപ്പുനാടയും തൊണ്ണൂറ് ശതമാനം ഇല്ലാതാകും.**
- **രാജ്യവളർച്ച ഇരട്ടിയാകും.**
- **ചെറുകിടസംരംഭകരുടെ എണ്ണം നാലിരട്ടിയാകും.**
- **പ്രൊഫഷണൽ തൊഴിലുകൾ പല മടങ്ങ് ഇരട്ടിക്കും.**
- **അസംഘടിത തൊഴിലവസരങ്ങൾ മൂന്ന് ഇരട്ടിയാകും.**
- **സ്വാഭിമാനം വർധിക്കും.**
- **അപകർഷത കൂടൊഴിയും.**
- **ക്രിമിനൽ വാസനകൾ കുറയും.**
- **ലഹരിമോഹം കുറയും.**

ROPP-INDIA
Republic of Public Power India
Kerala Zone, 10/195, Lord Krishna Building
Main Road, Kakkanad, Ernakulam-682030
Phone: 8078410688, 9400429287
e-mail: ropp.ekm@gmail.com

ROPP-INDIA
Republic of Public Power India
Central Office, 202, Hari Nagar, Maya Puri
New Delhi - 110064
Phone: 9968247121
e-mail: ropp.nd@gmail.com